**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1702** **20-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കിലെടുത്ത് കൃഷിക്കാർക്ക് പരിധിയില്ലാതെ നഷ്ടപരിഹാരം നൽകുവാനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കാലാവസ്ഥാ വ്യതിയാനം മൂലം വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കൃഷി വകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1) സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം<br><br>നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് കൃഷി നാശത്തിനു മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>2) പ്രകൃതിക്ഷോഭം പദ്ധതി പ്രകാരമുള്ള ആനുകൂല്യം<br><br>കൃഷി നാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും, സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും |

| | | | |
|---|---|---|---|
| | | | ഉരുൾ പൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും, മടകളുടെ പുനർ നിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കി വരുന്നു.<br><br>3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതി<br><br>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത Term ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലാവസ്ഥ വ്യതിയാനത്തിന് ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നുണ്ട്. |
| (ബി) | കർഷകരുടെ വരുമാനം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് കാർഷിക ഉല്പന്ന വിപണനത്തിനായി പുതിയ ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | കർഷകരുടെ വരുമാനം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് കാർഷിക ഉല്പന്ന വിപണനത്തിനായി പുതിയ ഓൺലൈൻ പ്ലാറ്റ്ഫോം നിലവിൽ കേരള കൃഷി ഹബ്ബ് എന്ന പദ്ധതിയുടെ ഘടകമായി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ കാർഷിക ഉല്പന്നങ്ങളുടെ വിപണനം, വിപണി സൂചന (Market Intelligence) എന്നിവ ഉൾപ്പെടുത്തി ഓരോ വിളയുടെ കമ്പോള വില വ്യതിയാനങ്ങൾ പഠിക്കുകയും ആയതിന്റെ അടിസ്ഥാനിൽ കൃഷി ചെയ്യുന്ന രീതിയിൽ ആണ് ക്രമീകരിച്ചിട്ടുള്ളത്. ഇതിലൂടെ കർഷകർക്ക് മികച്ച വിലയും വിളവും ഉറപ്പാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ